കേരള സർക്കാർ

സംഗ്രഹം

**തദ്ദേശ സ്വയംഭരണ വകുപ്പ് - ഇടുക്കി ജില്ല – കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് - ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് - 1997-98 - – ഖണ്ഡിക 37 – ഓഡിറ്റ് തടസ്സം - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

ജി.ഒ (ആർ.ടി) നം.2778/13 /തസ്വഭവ. തിരുവനന്തപുരം, തീയതി: 11/11/2013

---

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 17/04/2013-ലെ എം3-10228/13 നമ്പർ കത്തും കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന്റെ 3/12/2010-ലെ 17-ാം നമ്പർ തീരുമാനവും ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ 11/12/2012 തീയതിയിലെ 1(2)-ാം നമ്പർ തീരുമാനവും

2) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 11/10/2013-ലെ L.F. 9289/P.T.2/13 നമ്പർ കത്ത്.

## ഉത്തരവ്

ഇടുക്കി ജില്ലയിലെ കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന്റെ 1997-98 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 37 പ്രകാരം കേരളോത്സവത്തിന് അനുവദനീയമായ തുകയിൽ കൂടുതൽ, 5,417/- രൂപ ചെലവഴിച്ചത് ആഡിറ്റിൽ തടസ്സപ്പെടുത്തിയിരുന്നു. ആയതിന് സാധൂകരണം നൽകണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന്റെ 17/10/2012-ലെ 17-ാം നമ്പർ തീരുമാനത്തിന്റെയും ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ 11/12/2012-ലെ 1(2)-ാം നമ്പർ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ പരാമർശം 1 പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

ഇടുക്കി ജില്ലയിലെ കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന്റെ ടി ചെലവ് നിയമപരമായി സാധൂകരിക്കത്തക്കതല്ലെങ്കിലും കായികരംഗത്ത് കഴിവുള്ളവരെ കണ്ടെത്തുന്നതിനും പരിശീലിപ്പിക്കുവാനും പഞ്ചായത്തിൽ കേരളോത്സവം പോലുള്ള പരിപാടികൾ മാത്രമാണുള്ളതെന്നും പരമാവധി ആളുകളെ പങ്കെടുപ്പിക്കുന്നതിനുള്ള പശ്ചാത്തല സൌകര്യങ്ങൾ കേന്ദ്രീകൃതമായി ഒരു സ്ഥലത്തില്ലാത്തതിനാൽ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ വെച്ച് മത്സരങ്ങൾ സംഘടിപ്പിക്കേണ്ടതിനാലാണ് അധിക തുക ചെലവഴിക്കേണ്ടി വന്നത് എന്ന ഭരണ സമിതിയുടെ അഭ്യർത്ഥന മാനിച്ചും കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന്റെ ഭൂവിസ്തൃതി കണക്കിലെടുത്തും ഓഡിറ്റിൽ

തടസ്സപ്പെടുത്തിയ 5,417/- രൂപയുടെ ചെലവിന് സാധൂകരണം നൽകാവുന്നതാണെന്ന് പരാമർശം 2 പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിലെ കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന്റെ 1997-98 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 37 പ്രകാരം നിരാകരിച്ച 5,417/- (അയ്യായിരത്തി നാനൂറ്റി പതിനേഴ് രൂപ മാത്രം) രൂപയുടെ ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

എം.എസ്. റഷീദ,
അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ. തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത്, ഇടുക്കി
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ